# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3580

12/5/2017-ലെ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഇ.കെ. വിജയൻ** | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഭിന്നശേഷിക്കാർക്ക് എന്തൊക്കെ തൊഴിൽ പരിശീലനം നല്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ; | എ) തൊഴിൽ വകുപ്പിനു കീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള "കൈവല്യ" എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയിൽ തൊഴിൽപരിശീലനവും, മത്സരപ്പരീക്ഷ കളിൽ പങ്കെടുത്ത് തൊഴിൽ നേടുന്നതിനുള്ള പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-ൽ നിലവിൽ വന്ന ഈ പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ 198 ഉദ്യോഗാർത്ഥികൾക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുത്ത് തൊഴിൽ നേടുന്നതിനുള്ള പരിശീലനം നല്കിയിട്ടുണ്ട്. "കൈവല്യ" പദ്ധതിയുടെ ഭാഗമായി ഉദ്യോഗാർ ത്ഥികളെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാക്കുന്ന വിധം പരിശീലനം നൽകുന്നതിനായി കപ്പാസിറ്റി ബിൽഡിങ് എന്ന ഘടക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ പ്ലേറ്റ് നിർമ്മാണം തുടങ്ങി 41 തരം തൊഴിൽ മേഖലകളിൽ പരിശീലനം നല്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.<br><br>സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിനു കീഴിൽ കോഴിക്കോട്ടും തിരുവനന്തപുരത്തും പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലൂടെ ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ടെയിലറിംഗ് & ഗാർമെന്റ് മേക്കിംഗ്, ഫാഷൻ ഡിസൈനിംഗ്, ലതർ വർക്ക്, |

വിവിധതരം കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവയിൽ പരിശീലനം നല്കി വരുന്നുണ്ട്. കൂടാതെ നടപ്പുവർഷം മുതൽ പ്രിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് മെയിന്റനൻസ് എന്നിവയിൽ പരിശീലനം നല്കുന്നതിന് വൊക്കേഷണൽ ട്രെയിനിങ് സെന്ററുകൾക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

| | | |
|---|---|---|
| ബി) | സംസ്ഥാനത്ത് ഏതൊക്കെ കേന്ദ്രങ്ങളിൽ ആണ് പരിശീലനം നല്കി വരുന്നത്; വിശദമാക്കുമോ; | ബി) സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനകേന്ദ്രങ്ങളിലൂടെയാണ് നിലവിൽ ഭിന്ന ശേഷിക്കാർക്ക് തൊഴിൽ പരിശീലനം നല്കിവരുന്നത്.<br>തൊഴിൽവകുപ്പുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ കോഴിക്കോട്, എറണാകുളം, കോട്ടയം, കൊല്ലം, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ, വികലാംഗർക്കു വേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സബ്റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ മാരുടെ മേൽനോട്ടത്തിൽ പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ഭിന്ന ശേഷിക്കാർക്കുള്ള തൊഴിലിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചി ട്ടുള്ളതെന്ന് വിശദമാക്കുമോ ? | സി) സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടുപോയ ഭിന്ന ശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി കേരളസർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന "കൈവല്യ" എന്ന നവീന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 1) കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നല്കുന്നതിനായുള്ള "വൊക്കേഷണൽ & കരിയർ |

ഗൈഡൻസ് " 2) ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുള്ള 'കപ്പാസിറ്റി ബിൽഡിങ്" 3) തൊഴിൽ മേഖലകളിലെ മത്സരപ്പരീക്ഷകളിൽ പങ്കെടുത്തു വിജയം വരിക്കുന്നതിനായി "മത്സരപരീക്ഷാപരിശീലനം" 4) സ്വയം തൊഴിൽ സംരംഭങ്ങൾക്കായി "പലിശ രഹിത വായ്പാ പദ്ധതി" എന്നിങ്ങനെ തുല്യ പ്രാധാന്യമുള്ള നാലു ഘടകങ്ങളുണ്ട്.

- എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ശരണ്യ സ്വയം തൊഴിൽ സഹായ പദ്ധതിയിലും ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

- എംപ്ലോയ്മെന്റ് എക്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നാമ നിർദ്ദേശം നൽകുമ്പോൾ ഭിന്നശേഷി യുള്ളവർക്ക്മുൻഗണന നല്കുന്നുണ്ട്.

- ഭിന്നശേഷിക്കാർക്ക് പി.എസ്.സി മുഖേന ജോലി ലഭിക്കുന്നതിന് 4% സംവരണം PWD Act 2016 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ എൻ.ജി. ഒ -കൾ മുഖേന വിവിധ തരം കംപ്യൂട്ടർ പരിശീലനങ്ങളും സ്വയം തൊഴിൽ പരിശീലനങ്ങളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ